'ഭരണഭാഷ-മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2025-26- ആറ്റിങ്ങൽ നഗരസഭ - 2023-24 സാമ്പത്തിക വർഷത്തിൽ നഗര ദാരിദ്ര്യ ലഘൂകരണ വിഭാഗം - പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 19/23-24 ഭവനപുനരുദ്ധാരണം (ജനറൽ) എന്ന പദ്ധതിയുടെ ഭാഗമായി വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും ഗുണഭോക്താവിന് അനുവദിക്കുകയും അക്കൗണ്ട് നമ്പറിലെ പിശക് കാരണം സർക്കാരിലേക്ക് തിരികെ പോയതുമായ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സ.ഉ.(സാധാ)നം.3505/2025/ധന തീയതി,തിരുവനന്തപുരം, 08-04-2025

---

പരാമർശം : 1. ആറ്റിങ്ങൽ നഗരസഭ പ്രോജക്ട് ഓഫീസറുടെ 12/02/2025 ലെ UPA-S0019/24 നം. കത്ത്.

2. ആറ്റിങ്ങൽ സബ്ട്രഷറി ഓഫീസറുടെ 07/02/2025 തീയതിയിലെ സാക്ഷ്യപത്രം.

3. സ.ഉ. (പി) നം. 86/2016/ധന തീയതി: 17.06.2016.

## ഉത്തരവ്

ആറ്റിങ്ങൽ നഗരസഭയിൽ 2023-2024 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നം.19/23-24 ഭവനപുനരുദ്ധാരണം (ജനറൽ) വിഭാഗത്തിൽപ്പെട്ട ശ്രീമതി. മഹേശ്വരി എന്ന ഗുണഭോക്താവിന് വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും അനുവദിച്ചതും ബാങ്ക് അക്കൗണ്ട് നമ്പറിലെ പിശക് മൂലം ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ 50,000/-രൂപ പുനരനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം ആറ്റിങ്ങൽ നഗരസഭ പ്രോജക്ട് ഓഫീസർ സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, 2023-24 സാമ്പത്തിക വർഷത്തിൽ നഗര ദാരിദ്ര്യ ലഘൂകരണ വിഭാഗം - പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 19/23-24 ഭവനപുനരുദ്ധാരണം (ജനറൽ) വിഭാഗത്തിൽപ്പെട്ട

ശ്രീമതി. മഹേശ്വരി എന്ന ഗുണഭോക്താവിന് വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും അനുവദിച്ചതും ബാങ്ക് അക്കൗണ്ട് നമ്പറിലെ പിശക് മൂലം ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ ₹50,000/-രൂപ (അമ്പതിനായിരം രൂപ മാത്രം) സൂചന (2) ലെ ആറ്റിങ്ങൽ സബ്ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെയും, സൂചന (3) ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ആറ്റിങ്ങൽ നഗരസഭയ്ക്ക് (M010200) 2025-26 സാമ്പത്തിക വർഷം 3604-00-200-81-02-35 എന്ന ശീർഷകത്തിൽ നിന്നും പുനരനുവദിച്ച് ഉത്തരവാകുന്നു.

3. മേൽ തുക പിൻവലിച്ച് ഗുണഭോക്താവായ ശ്രീമതി. മഹേശ്വരിയുടെ അക്കൗണ്ടിലേയ്ക്ക് ഒരു മാസത്തിനകം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് ആറ്റിങ്ങൽ നഗരസഭ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, ആറ്റിങ്ങൽ നഗരസഭ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)

ധനകാര്യ (ബി.ഡബ്ല്യു-ജെ / ഡെവലപ്.വിംഗ്/ എസ്.എസ് ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 3064716)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ